**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3092** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി കളിക്കളങ്ങൾ ഉൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ആവശ്യങ്ങൾക്കായി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമി, വകുപ്പിന്റെ ആവശ്യം കഴിഞ്ഞതിന് ശേഷംമാത്രം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആ സ്ഥലത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ വ്യക്തമായ ശുപാർശ പ്രകാരം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും അപേക്ഷയോടൊപ്പം കളിസ്ഥലങ്ങൾ ഉൾപ്പെടെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റും ചെക്ക് ലിസ്റ്റ് പ്രകാരമുള്ള മറ്റ് അനുബന്ധരേഖകളും ലഭ്യമാക്കിയാൽ ആയത് നിരാക്ഷേപ സാക്ഷ്യപത്രത്തിനായി സർക്കാരിൽ സമർപ്പിക്കുകയും സർക്കാരിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി NOC ലഭ്യമാകുന്ന മുറയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള ചില പ്രത്യേക വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഉടമ്പടിയോടുകൂടി മാത്രം NOC നൽകുന്നതാണ്. പ്രസ്തുത ഭൂമി ഇറിഗേഷൻ വകുപ്പിൽതന്നെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് NOC നൽകുന്നത്. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ പാനൂർ അംശം എലാങ്കോട് ദേശത്ത് കാപ്പുമ്മലിൽ റീ സർവേ നമ്പർ 29/5, 29/10, 29/09-ൽ പ്പെട്ട മൂന്ന് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് പ്രസ്തുത ഭൂമി സ്റ്റേഡിയമായി ഉപയോഗിക്കാൻ അനുമതി നൽകുമോയെന്ന് വിശദമാക്കുമോ; | (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ പാനൂർ അംശം, ഏലാംകോട് ദേശത്ത് കാപ്പുമ്മൽ എന്ന സ്ഥലത്തെ ജലസേചന വകുപ്പിന്റെ സ്ഥലം നഗരസഭക്ക് സ്റ്റേഡിയം നിർമ്മിക്കാൻ അനുവദിക്കണമെന്നത് സംബന്ധിച്ച അപേക്ഷയിൽ പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ സ്കെച്ച്, എഫ്.എം.ബിയുടെ പകർപ്പ്, എന്നിവ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, തലശ്ശേരി തഹസിൽദാർക്ക് കത്ത് നൽകിയെങ്കിലും ആയത് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. കൂടാതെ പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന മണ്ണും മറ്റ് അവശിഷ്ടങ്ങളും ഡംബ് ചെയ്യാനായി |

| | | | |
|---|---|---|---|
| | | | പ്രസ്തുത സ്ഥലം ആവശ്യമാണെന്നും പ്രതിവർഷം പതിനായിരം ഹെക്ടർ ഭൂമി അടുത്ത അഞ്ചു വർഷത്തേക്ക് കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും പ്രസ്തുത സ്ഥലം ആവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ ഭൂമി വിട്ടു നൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടതിനാൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധിച്ച് സ്റ്റേഡിയം നിർമ്മാണത്തിന് തത്കാലത്തേക്ക് ഭൂമി വിട്ടു നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് വകുപ്പിന് നൽകിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ പാനൂർ അംശം, ഏലാംകോട് ദേശത്ത് കാപ്പുമ്മൽ എന്ന സ്ഥലത്തെ ജലസേചന വകുപ്പിന്റെ സ്ഥലം നഗരസഭക്ക് സ്റ്റേഡിയം നിർമ്മിക്കാൻ അനുവദിക്കണമെന്നത് സംബന്ധിച്ച അപേക്ഷയിൽ പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ സ്കെച്ച്, എഫ്.എം.ബിയുടെ പകർപ്പ്, എന്നിവ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, തലശ്ശേരി തഹസിൽദാർക്ക് കത്ത് നൽകിയെങ്കിലും ആയത് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. കൂടാതെ പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന മണ്ണും മറ്റ് അവശിഷ്ടങ്ങളും ഡംബ് ചെയ്യാനായി പ്രസ്തുത സ്ഥലം ആവശ്യമാണെന്നും പ്രതിവർഷം പതിനായിരം ഹെക്ടർ ഭൂമി അടുത്ത അഞ്ചു വർഷത്തേക്ക് കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും പ്രസ്തുത സ്ഥലം ആവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ ഭൂമി വിട്ടു നൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടതിനാൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധിച്ച് സ്റ്റേഡിയം നിർമ്മാണത്തിന് തത്കാലത്തേക്ക് ഭൂമി വിട്ടു നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ